Reg. No. : ....................................

Name : .......................................

**Code No. 7037**

**Second Year – JUNE 2017**
**SAY/IMPROVEMENT**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – III

# മലയാളം (OPTIONAL)
# (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ബ്രായ്ക്കറ്റിൽനിന്നും ശരിയുത്തരം എടുത്തെഴുതുക. (ഒരു സ്കോർ വീതം)**

1. ഏറ്റവും പഴക്കമുള്ള കൃതി ഏത്?

   (ബ്രഹ്മാണ്ഡപുരാണം, ദൂതവാക്യം, ഭാഷാകൗടലീയം, ഹോർത്തൂസ് മലബാറിക്കുസ്)

2. "ഇന്നുതൊട്ടു നിനക്കില്ലീ
   മന്നം വാണൊരിരിപ്പിടം"

   ഇരിപ്പിടം നഷ്ടപ്പെട്ടത് ആർക്ക് ?

   (ദുര്യോധനന്, ദുർജ്ജയന്, ബലദേവന്, ഗാന്ധാരിക്ക്)

3. ഛന്ദസ്സില്ലാതെ കവിതയുണ്ടാകുന്നതിന് ഉദാഹരണമായി ഡോ. എം. അച്യുതൻ ചൂണ്ടിക്കാണിക്കുന്നത് ആരുടെ ഗദ്യം ?
(അരിസ്റ്റോട്ടിലിന്റെ, പ്ലേറ്റോയുടെ, കോളറിഡ്ജിന്റെ, റൂസ്സോയുടെ)

4. കാവ്യത്തിന്റെ ജീവനായി അഭിഷേചിച്ചിരിക്കുന്നത് എന്തിനെ ?
(ഛന്ദസ്സിനെ, അലങ്കാരത്തെ, ധ്വനിയെ, നാടകീയതയെ) **(സ്കോർസ് : 4 × 1 = 4)**

**ചേരുംപടി ചേർക്കുക. (ഒരു സ്കോർ വീതം)**

5. റെയ്ൻഡിയർ – നോവൽ

6. ലോകമേ യാത്ര – നാടകം

7. കാട്ടുകുരങ്ങ് – കഥ

8. കർണ്ണഭാരം – കവിത **(സ്കോർസ് : 4 × 1 = 4)**

**കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക. (ഒരു സ്കോർ വീതം)**

9. സ്നേഹദൂതൻ, ഭരതവാക്യം, കറുത്ത ദൈവത്തെ തേടി, ചാരുദത്തം

10. ഒ.വി. വിജയൻ, ടി.വി. കൊച്ചുബാവ, ഒ. ചന്തുമേനോൻ, കുട്ടിക്കൃഷ്ണമാരാര്

11. കഥകളി, നാടകം, കൂടിയാട്ടം, ഖണ്ഡകാവ്യം

12. ബലദേവൻ, ധൃതരാഷ്ട്രർ, ദുർജ്ജയൻ, അപ്പുക്കിളി **(സ്കോർസ് : 4 × 1 = 4)**

**താഴെ കൊടുത്തിരിക്കുന്നവയിൽനിന്ന് ശരിയായ പ്രസ്താവനകൾ മാത്രം കണ്ടെത്തി എഴുതുക. (ഒരു സ്കോർ വീതം)**

13. 1686 ലാണ് 'ഹോർത്തൂസ് മലബാറിക്കുസ്' അച്ചടിച്ചത്.

14. കേരളത്തിന്റെ പ്രാചീനവും തനതുമായ നാടകവേദിയാണ് തിറയാട്ടം.

15. 'മറന്നു പോയി' എന്നതിലെ 'മറന്നു' അനുപ്രയോഗമാണ്.

16. കവിത നൈസർഗ്ഗിക വികാരപ്രകാശമാണെന്ന് ജോൺസൻ അഭിപ്രായപ്പെടുന്നു.

**(സ്കോർസ് : 2 × 1 = 2)**

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (രണ്ട് സ്കോർ വീതം)**

17. 'ഒരു പരസ്യത്തിലായിരുന്നു തുടക്കം. ഒരു നടുക്കത്തിലായിരുന്നു ഒടുക്കം' ഇത്തരമൊരു തുടക്കം 'വെബ്സൈറ്റ്' എന്ന കഥയുടെ വായനയെ എപ്രകാരം സഹായിക്കുന്നു ?

18. 'എല്ലാം കൂടി വലിയൊരു ക്യാൻവാസിലെഴുതിയ ഒരു മധുരചിത്രമിതാ ഇവിടെ' കുട്ടിക്കൃഷ്ണമാരാര് വിശദീകരിക്കുന്ന ചിത്രം ഏതാണ്?

19. വള്ളത്തോൾ മഹാകാവ്യം എഴുതി.
കുമാരനാശാൻ മഹാകാവ്യം എഴുതിയില്ല.
രണ്ട് വാക്യങ്ങളും താരതമ്യം ചെയ്ത് അവയുടെ അർത്ഥവ്യത്യാസത്തിന് കാരണമാകുന്ന വ്യാകരണകാര്യം എഴുതുക.

20. 'അയാളുടെ വാക്കിൻപുറത്ത് ഞാൻ ചത്തുചീഞ്ഞു കിടക്കുകയാണ്' (പ്രഥമസായാഹ്നം) ഈ വാക്യം കഥാപാത്രത്തിന്റെ മനോനിലയെ എപ്രകാരം വ്യക്തമാക്കുന്നു ?

21. 'പലതുള്ളി പെരുവെള്ളം' എന്ന ചൊല്ല് ഉറമ്പുകളുടെ ജീവിതത്തിൽ പ്രധാനമായിത്തീർന്നതെങ്ങനെ ?

**(സ്കോർസ് : 5 × 2 = 10)**

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (നാല് സ്കോർ വീതം)**

22. "മുമ്പിലേയുള്ളിൽ വിചാരിച്ചു കൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും"
വിഭീഷണന്റെ വാക്കുകളിൽ അടങ്ങിയിരിക്കുന്ന പൊരുൾ എന്താണ്? വിശദമാക്കുക.

23. 'പിൽക്കാലങ്ങളിൽ അപ്പുക്കിളിയ്ക്ക് ഒരു തിയൊളജി കൈവരികയുണ്ടായി' അപ്പുക്കിളിയെ സംബന്ധിച്ച് നോവലിൽ നിന്ന് തെളിഞ്ഞുകിട്ടുന്ന തിയൊളജി എന്താണ്?

24. ഉപഗുപ്തനെ 'പതിതകാരുണികൻ' എന്ന് കവി വിളിക്കുന്നത് എത്രമാത്രം ഉചിതമായിട്ടുണ്ട്? വ്യക്തമാക്കുക.

25. 'എനിക്ക് കൃഷി ചെയ്യണം' കുങ്കന്റെ ഈ വാക്കുകളിൽ അയാളുടെ വ്യക്തിത്വം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് കരുതാമോ ? വിശദമാക്കുക.

26. 'വെബ്സൈറ്റിന്റെ വലക്കണ്ണികൾ പൂർണ്ണമായി തന്നെ വളഞ്ഞുമുറുക്കുന്നതിനു മുൻപ് അവൾക്ക് പുറത്തുചാടി രക്ഷപ്പെടണം' സ്മിതയുടെ ഈ വിചാരത്തിലൂടെ മാധ്യമത്തിന്റെ സവിശേഷത വെളിപ്പെടുന്നുണ്ടോ ? പരിശോധിക്കുക.

**(സ്കോർസ് : 5 × 4 = 20)**

**ഏതെങ്കിലും രണ്ടെണ്ണത്തിന് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക. (ആറ് സ്കോർ വീതം)**

27. 'എന്തു കഷ്ടമാണ് ഇദ്ദേഹം ചെയ്യുന്നത് ! ഇങ്ങനെ ദുഷ്ടത കാട്ടാമോ ?' മാധവന്റെ ചോദ്യത്തിന് ആധാരമായ സംഭവം എന്താണ്? നോവലിന്റെ പൊതു ആശയധാരയുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?

28. ഗ്രാമീണരുടെ ജീവിതം കാവ്യപ്രമേയമാക്കുന്നതുകൊണ്ട് മേന്മയുണ്ടെന്ന് കരുതാമോ ? വേഡ്സ്വർത്തിന്റെ അഭിപ്രായങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

29. "മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്"

ഭാഗവതത്തെയും ഭവനത്തെയും താരതമ്യം ചെയ്യുക വഴി കാവ്യത്തിന് കിട്ടുന്ന അർത്ഥവൈപുല്യം എന്ത്? വിശദീകരിക്കുക. **(സ്കോർസ് : 2 × 6 = 12)**

**ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (എട്ടു സ്കോർ വീതം)**

30. 'ഹാ വൈരം, പശ്ചാത്താപമായി പരിണമിച്ചു' ബലദേവന്റെ ഈ വാക്കുകൾക്ക് നാടകത്തിന്റെ ഇതിവൃത്തത്തിൽ എത്രമാത്രം വ്യാപ്തി കിട്ടിയിട്ടുണ്ടെന്ന് പരിശോധിക്കുക.

31. 'എല്ലാം ഉത്പന്നമായി മാറുന്ന കാലമാണിത്' ലേഖകന്റെ നിരീക്ഷണത്തിന് ആധാരമായ വസ്തുതകൾ വിശകലനം ചെയ്യുക. ഇക്കാലത്തെ മാധ്യമങ്ങളെ മുൻനിർത്തി വിശദീകരിക്കുക.

32. 'പദ്യത്തോളം മികച്ചതെന്ന് പറയാൻ നിവൃത്തിയില്ലെങ്കിലും പത്താം ശതകം മുതൽ ഭേദപ്പെട്ട ഒരു ഗദ്യസാഹിത്യം ഉണ്ടായി വികസിച്ചുകൊണ്ടിരുന്നു' ലേഖകന്റെ പ്രസ്താവനയുടെ സാംഗത്യം തെളിവുകൾ സഹിതം വിശകലനം ചെയ്യുക.

33. "മൃത്യു വശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേൽക്കയില്ലേതുമേ"
ഈ നിരീക്ഷണം 'ഊരുഭംഗ'ത്തിലെ ദുര്യോധനനും 'വിഭീഷണഹിതോപദേശ'ത്തിലെ രാവണനും ചേരുന്നുണ്ടോ ? വിശദീകരിക്കുക. **(സ്കോർസ് : 8 × 3 = 24)**

SECOND YEAR HIGHER SECONDARY EXAMINATION, ~~MARCH~~ SAY 2017.

Malayalam (Optional) 7037

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 1. | | ഭാഷാകൗടലീയം | 1 | 1 |
| 2. | | ദുര്യോധനൻ | 1 | 1 |
| 3. | | ഉല്ലേഖം | 1 | 1 |
| 4. | | ഗ്ലാനിമ | 1 | 1 |
| 5. | | കഥ | 1 | 1 |
| 6. | | കവിത | 1 | 1 |
| 7. | | നോവൽ | 1 | 1 |
| 8. | | നാടകം | 1 | 1 |
| 9. | | ചാരുദത്തൻ | 1 | 1 |
| 10. | | കുട്ടിക്കൃഷ്ണമാരാര് | 1 | 1 |
| 11. | | വൈശേഷ്യം | 1 | 1 |
| 12. | | അപ്പുക്കിളി | 1 | 1 |
| 13. | | ശരി | | |
| 14. | | ശരി | | |
| 15. | | തെറ്റ് | | |
| 16. | | തെറ്റ് | | |
| 17. | | ആശയം തെളിയുന്നതിന്<br>വിശദമാക്കുന്നതിന് | 1<br>1 | 2 |
| 18. | | പ്രസ്താവനയിലെ ആശയം തെളിയുന്നതിന്<br>വിശദീകരിക്കുന്നതിന് | 1<br>1 | 2 |

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 19. | | വ്യാകരണ കാര്യം ഗ്രഹിക്കുന്നതിന്<br>സമർത്ഥിക്കുന്നതിന് | 1<br>1 | 2 |
| 20. | | സന്ദർഭം ഗ്രഹിക്കുന്നതിന്<br>വിശദമാക്കുന്നതിന് | 1<br>1 | 2 |
| 21. | | ചൊല്ലിന്റെ ആശയം ഗ്രഹിക്കുന്നതിന്<br>സന്ദർഭവുമായി ബന്ധിപ്പിച്ചു വിശദീകരിക്കുന്നതിന് | 1<br>1 | 2 |
| 22 | | വരികളിലെ ആശയം ഗ്രഹിക്കുന്നതിന്<br>വിശകലനം ചെയ്യുന്നതിന്<br>ഉചിതമായ ആവിഷ്കാരത്തിന് | 1<br>2<br>1 | 4 |
| 23 | | ഉദ്ധരണിയിലെ ആശയം ഗ്രഹിക്കുന്നതിന്<br>വിശകലനം ചെയ്യുന്നതിന്<br>ഉചിതമായ ആവിഷ്കാരത്തിന് | 1<br>2<br>1 | 4 |
| 24. | | പദസംഘാതത്തിന്റെ അർത്ഥം ഗ്രഹിക്കുന്നതിന്<br>അപഗ്രഥിക്കുന്നതിന്<br>ഔചിത്യം വ്യക്തമാക്കുന്നതിന് | 1<br>2<br>1 | 4 |
| 25. | | സന്ദർഭം തിരിച്ചറിയുന്നു<br>വ്യക്തിത്വം വിശകലനം ചെയ്യുന്നു | 1<br>3 | 4 |
| 26. | | കഥാസന്ദർഭം ഗ്രഹിക്കുന്നു<br>മാധ്യമത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു | 1<br>3 | 4 |

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 27. | | സന്ദർഭം കണ്ടെത്തുന്നു | 2 | |
| | | ലേഖനത്തിന്റെ ആശയതലം തിരിച്ചറിയുന്നു | 2 | 6 |
| | | അവതരിപ്പിക്കുന്നു | 2 | |
| 28. | | ലേഖന വർണ്ണനയുടെ അഭിപ്രായങ്ങൾ ഗ്രഹിക്കുന്നു | 3 | |
| | | വിശകലനം ചെയ്യുന്നു | 3 | 6 |
| 29. | | സൂക്താർത്ഥം ഗ്രഹിക്കുന്നു. | 3 | |
| | | യുക്തിസഹമായി വിശദീകരിക്കുന്നു | 3 | 6 |
| 30. | | ഉദ്ധരണിയിലെ ആശയം ഗ്രഹിക്കുന്നു | 2 | |
| | | ഔചിത്യം വിശകലനം ചെയ്യുന്നു. | 4 | 8 |
| | | ഉചിതമായി ആവിഷ്കരിക്കുന്നു | 2 | |
| 31. | | നിരീക്ഷണാർത്ഥം ഗ്രഹിക്കുന്നു | 2 | |
| | | വസ്തുതകൾ വിശകലനം ചെയ്യുന്നു | 4 | 8 |
| | | ഉചിതമായി ആവിഷ്കരിക്കുന്നു | 2 | |
| 32. | | പ്രസ്താവനയുടെ സാംഗത്യം ഗ്രഹിക്കുന്നു | 2 | |
| | | തെളിവുകൾ കണ്ടെത്തുന്നു | 3 | 8 |
| | | വിശകലനം ചെയ്യുന്നു | 3 | |
| 33. | | പാഠഭാഗങ്ങൾ താരതമ്യം ചെയ്യുന്നു | 3 | |
| | | മൗലിക വിശകലനം | 3 | 8 |
| | | ഉചിതമായി ആവിഷ്കരിക്കുന്നു | 2 | |